**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1917** **20-01-2021 - ൽ മറുപടിയ്ക്ക്**

**റീബിൽഡ് കേരളയ്ക്കുള്ള വിദേശ വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. ജോർജ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | റീബിൽഡ് കേരളയ്ക്ക് എത്ര വിദേശരാഷ്ട്രങ്ങളിൽ നിന്ന് വായ്പ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | റീബിൽഡ് കേരള പദ്ധതിക്കായി വിദേശ രാഷ്ട്രങ്ങളിൽ നിന്നും വായ്പ സ്വീകരിച്ചിട്ടില്ല. എന്നാൽ, കേരള പുനർനിർമാണ പദ്ധതികൾക്കായി ലോകബാങ്കിൽ നിന്ന് വികസന നയവായ്പയായി ഇതു വരെ 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ലഭ്യമായിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തിന്റെ റോഡ് പുനരുദ്ധാരണപ്രവർത്തനങ്ങൾക്കായി 1400കോടി രൂപയും വികസന നയവായ്പയുടെഭാഗമായി 840കോടി രൂപയും വായ്പയായി ലഭ്യമാക്കുന്നതിന് ജർമൻ ബാങ്കായ KfWയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതു കൂടാതെ, പ്രോഗ്രാം ഫോർ റിസൾട്ട്സ് (PforR) മാതൃകയിൽ 350 ദശലക്ഷം ഡോളർ സാമ്പത്തിക സഹായം ലോകബാങ്ക്, AIIB, AFD മുതലായ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇത്തരം വിദേശവായ്പകളിലൂടെ നാളിതുവരെ എത്ര കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്; | (ബി) | റീബിൽഡ് കേരള പദ്ധതിക്കായി വിദേശ രാഷ്ട്രങ്ങളിൽ നിന്നും വായ്പ സ്വീകരിച്ചിട്ടില്ല. എന്നാൽ, കേരള പുനർനിർമാണ പദ്ധതികൾക്കായി ലോകബാങ്കിൽ നിന്ന് വികസന നയവായ്പയായി ഇതു വരെ 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ലഭ്യമായിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തിന്റെ റോഡ് പുനരുദ്ധാരണപ്രവർത്തനങ്ങൾക്കായി 1400കോടി രൂപയും വികസന നയവായ്പയുടെഭാഗമായി 840കോടി രൂപയും വായ്പയായി ലഭ്യമാക്കുന്നതിന് ജർമൻ ബാങ്കായ KfWയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതു കൂടാതെ, പ്രോഗ്രാം ഫോർ റിസൾട്ട്സ് (PforR) മാതൃകയിൽ 350 ദശലക്ഷം ഡോളർ സാമ്പത്തിക സഹായം ലോകബാങ്ക്, AIIB, AFD മുതലായ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | പുതിയതായി എന്തെങ്കിലും പദ്ധതി കൂട്ടിച്ചേർക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | റീബിൽഡ് കേരള പദ്ധതിയിൻ കീഴിൽ ആകെ 7200.28കോടി രൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും പ്രസ്തുത പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയും ചെയ്യുന്നു. വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതികൾ റീ ബിൽഡ് കേരള ഇമ്പ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവ അംഗീകരിക്കുന്ന പക്ഷം പുതിയ പദ്ധതികളായി ഉൾപ്പെടുത്തുന്നു. |

സെക്ഷൻ ഓഫീസർ